ട്ടുമുടിക്കടുത്തുള്ള സസ്യ—ജന്തു പരിസ്ഥിതി നാടുകാണിയിലോ മസീനാഗുഡിയിലോ ഉള്ളതിൽനിന്നു വളരെ വ്യത്യസ്തമാണ്. ചൂട് പത്തു ഡിഗ്രി സി. യോ, അതിൽ കുറവോ ആണെന്നതാണ് മുഖ്യ കാരണം....ഈ വിതാനത്തിൽ അധികം ചിത്രശലഭങ്ങളില്ല. എന്നാൽ, ഉള്ളവ ജീവശാസ്ത്ര—ഭൂമിശാസ്ത്ര—താല്പര്യം ഏറെ ഉണർത്തുന്നവയാണ്. ഇവയിൽ ചിലതിന് വർഗബന്ധം ഹിമാലയത്തിന്റെ മുകളിലുള്ള ചിത്രശലഭങ്ങളോടാകുന്നു.'

ചിത്രശലഭങ്ങൾക്ക് പല പാശ്ചാത്യരാജ്യങ്ങളിലും 'മോഹവില' കിട്ടും. ഒരൊററ ശലഭത്തിന് ആയിരം രൂപവരെ 1983—ൽ ലഭിച്ചിരുന്നു. വനവിധ്വംസനംമൂലവും, വൻതോതിൽ പിടിച്ചു കൊന്നു കയററി അയയ്ക്കുന്നതുമൂലവും നാശോന്മുഖങ്ങളായ നൂറോളം ചിത്രശലഭവർഗങ്ങൾക്ക് ഇന്ത്യൻ വന്യജീവിസംരക്ഷണനിയമം (വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്റ്റ്) സംരക്ഷണം വാഗ്ദാനംചെയ്യുന്നുണ്ട്. ഈ ശലഭങ്ങളെ കൊന്നോ ജീവനോടെയോ കയററി അയയ്ക്കുന്നത് നിരോധിച്ചിരിക്കുന്നു. എന്നാൽ, ഏതാനും ചിലർ ചിത്രശലഭങ്ങളെ ശേഖരിക്കുന്നതുകൊണ്ടോ, കുറെ എണ്ണത്തെ കയററി അയയ്ക്കുന്നതുകൊണ്ടോ തരക്കേടൊന്നും വരാനില്ല എന്നാണ് മി. ലാർസൻ കരുതുന്നത്. പശ്ചിമഘട്ടത്തിലെ മഴക്കാടുകളിൽ ആദിവാസികളുടെ ഒരു കുടിൽവ്യവസായമെന്നനിലയിൽ ചിത്രശലഭങ്ങളെ വളർത്തുന്ന തോട്ടങ്ങളും ചിത്രശലഭശേഖരങ്ങളും ഉണ്ടാക്കാവുന്നതാണെന്നും, ചിലതരം ചിത്രശലഭങ്ങൾക്ക് ലോകമാർക്കററിൽ ആവശ്യക്കാരുണ്ടെന്നും അദ്ദേഹം പറയുന്നു. ചിത്രശലഭത്തോട്ടങ്ങളും ചിത്രശലഭശേഖരങ്ങളും ആദിവാസികൾക്ക് കുറെയൊക്കെ സാമ്പത്തികവരുമാനം ഉണ്ടാക്കിക്കൊടുക്കും; അതോടൊപ്പം, പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പററിയുള്ള ബോധം അവരിൽ ഉളവാക്കുകയുംചെയ്യും എന്ന് മി. ലാർസൻ കരുതുന്നു.

ആദിവാസികളുടെ കാര്യം ഇരിക്കട്ടെ. വളരുന്ന തലമുറയ്ക്ക് ചിത്രശലഭങ്ങളിൽ (അവയിലൂടെ പ്രകൃതിയിലും) താല്പര്യം ഉളവാക്കാൻ സ്കൂളുകളിൽ എന്തെങ്കിലും ചെയ്തുകൂടേ? അതിനു വലിയ മൂലധനനിക്ഷേപമൊന്നും വേണ്ടല്ലോ. ഏതാനും കാർഡ്ബോർഡ് പെട്ടികളും മൊട്ടുസൂചികളും പോരേ ഇരുനൂറോ മുന്നൂറോ ചിത്രശലഭമാതൃകകൾ കേടുകൂടാതെ സൂക്ഷിച്ചു പ്രദർശിപ്പിക്കാൻ? ശാസ്ത്രസാഹിത്യപരിഷത്തുമായി ബന്ധമുള്ള അധ്യാപകരിൽ ചിലർക്കെങ്കിലും ഈ രംഗത്ത് വല്ലതും പ്രവർത്തിക്കാൻ ആവില്ലേ?

(7 സെപ്റ്റംബർ, 1986)

# 95. കണ്ടാമൃഗം

നിങ്ങൾ ഈയിടെയെങ്ങാൻ തിരുവനന്തപുരത്തു പോകുന്നുണ്ടോ? ഉണ്ടെങ്കിൽ, തീർച്ചയായും, മൃഗശാലയിൽച്ചെന്നു കണ്ടാമൃഗത്തെ ഒന്നു കാണണം. നിങ്ങളുടെ കുട്ടികളെക്കൂടി വിളിച്ചോളൂ. ഒരുപക്ഷേ, നിങ്ങളുടേത് കണ്ടാമൃഗവുമായുള്ള ഒടുക്കത്തെ കൂടിക്കാഴ്ചയാകാം; നിങ്ങളുടെ കുട്ടികളുടേത്, ജീവന്റെ ആ അദ്വിതീയ പ്രതിഭാസവുമായി അവരുടെ ആദ്യത്തെയും അവസാനത്തെയും കൂടിക്കാഴ്ചയും.

കാരണമെന്തെന്നല്ലേ? കണ്ടാമൃഗങ്ങളുടെ വംശം അതിവേഗത്തിൽ കുററിയററുകൊണ്ടിരിക്കുകയാണ്. 1970—ൽ ലോകത്തിലാകെ എഴുപതിനായിരത്തോളം കണ്ടാമൃഗങ്ങൾ ഉണ്ടായിരുന്നു. പതിനഞ്ചു വർഷം കഴിഞ്ഞ്, 1985—ൽ അവയുടെ എണ്ണം പതിനാറായിരമായി ചുരു

ങ്ങിയതായിക്കണ്ടു. അതായത്ത്, ശരാശരി ആണ്ടിൽ മൂവായിരത്തറുനൂറ് കണ്ടാമൃഗങ്ങറം വീതം അപ്രത്യക്ഷങ്ങളാവുകയായിരുന്നു. കണ്ടാമൃഗങ്ങളുടെ മരണനിരക്ക് ഈ തോതിൽ തുടർന്നാൽ, അവ തികച്ചും കഥാവശേഷങ്ങളാകാൻ ഇനി അഞ്ചു വർഷംതന്നെ വേണ്ട.

കണ്ടാമൃഗങ്ങറം ഇന്ന് ഉള്ളത് ഏതാനും ആഫ്രിക്കൻ രാജ്യങ്ങളിലും ചില ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലും ഇന്ത്യയിലുമാണ്. ഇന്ത്യയിൽ ആകെയുള്ള ആയിരത്തിമുന്നൂറോളം കണ്ടാമൃഗങ്ങളിൽ ആയിരത്തി ഒരുനൂറെണ്ണം അസമിലെ കാസിരംഗ വന്യമൃഗസംരക്ഷണകേന്ദ്രത്തിൽ ജീവിക്കുന്നു. എല്ലാ രാജ്യങ്ങളിലും കണ്ടാമൃഗവേട്ട നിരോധിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഒരു വിശിഷ്ടൗഷധമായി കരുതപ്പെടുന്ന കണ്ടാമൃഗക്കൊമ്പിനു് ലോകവിപണിയിൽ പ്രത്യേകിച്ച് സിംഗപ്പൂർ, മലയേഷ്യ, തായ്‌ലാൻഡ് മുതലായ ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിൽ, വലിയ പ്രിയമാണ്. ഇതിൻഫലമായി, ഒരു കിലോഗ്രാം തൂക്കംവരുന്ന കണ്ടാമൃഗക്കൊമ്പിനു് 1978—ൽ പതിനാറായിരം രൂപ വിലയായിരുന്നതു്, 1980—ൽ അറുപത്തിനാലായിരം രൂപയായി—അതായത്തു് നാലിരട്ടിയായി ഉയർന്നുവത്രെ. ഇപ്പോറം സിംഗപ്പൂരിൽ ഒരു കിലോഗ്രാം കണ്ടാമൃഗക്കൊമ്പിനു് ഒരുലക്ഷം രൂപ വില കിട്ടും. ദക്ഷിണ പൂർവേഷ്യക്കാർ കണ്ടാമൃഗക്കൊമ്പ് ഔഷധമായി ഉപയോഗിക്കുമ്പോറം, കഠാരികറംക്കു കണ്ടാമൃഗക്കൊമ്പുകൊണ്ടു പിടിയുണ്ടാക്കാനാണ് അറബികറംക്കു താല്പര്യം. ഉത്തരയെമനിലാണത്രെ ഇത്തരം കഠാരികറം ധാരാളമായി നിർമ്മിക്കപ്പെടുന്നതു്. ഈ ആവശ്യത്തിനായി എന്തു വില കൊടുത്തും കണ്ടാമൃഗക്കൊമ്പു വാങ്ങാൻ എണ്ണപ്പണം ഇഷ്ടംപോലെ കൈവശമുള്ള അറബികറംക്കു മടിയില്ല.

കണ്ടാമൃഗക്കൊമ്പിൻെറ മോഹവില കണ്ടമാനം ഉയർന്നതോടെ, കണ്ടാമൃഗങ്ങളെ കളവായി വേട്ടയാടുന്നവരുടെ എണ്ണം കണക്കററു പെരുത്തിരിക്കുന്നു. കണ്ടാമൃഗക്കള്ളവേട്ട ഇപ്പോറം കൂടുതലും നടക്കുന്നതു് ഇന്ത്യയിലെ അസമിലും ബംഗാളിലുമാണ്. അസമിൻെറ അതിർത്തിപ്രദേശങ്ങളിൽ നിയമസമാധാനവ്യവസ്ഥ പേരിനു മാത്രമേ നിലനില്ക്കുന്നുള്ളു. 'ബോഡോ' എന്ന നാഗവർഗക്കാർ കണ്ടാമൃഗക്കള്ളവേട്ടയിൽ പ്രത്യേക വൈദഗ്ധ്യം നേടിയവരാണത്രേ. ഇവർ നല്ലന്ന ആയുധങ്ങറം ഉപയോഗിച്ച്, സംരക്ഷിതവനപ്രദേശങ്ങളിൽ മൂന്നും നാലും ആളുകറം—മിക്കവാറും ഗിരിവർഗക്കാർ അടങ്ങുന്ന സംഘങ്ങറം രാത്രികാലത്തു് കണ്ടാമൃഗവേട്ടയ്ക്കു് ഇറങ്ങുന്നു. കണ്ടാമൃഗവേട്ട ആപല്ക്കരമായതിനാൽ മരങ്ങളിൽ 'മച്ചാൻ' കെട്ടി അതിലിരുന്നാണ് ഇവർ കണ്ടാമൃഗങ്ങളെ വെടിവെക്കുന്നതു്. കണ്ടാമൃഗം വെടിയേററു ചത്തു എന്നു് ഉറപ്പായാൽ വെടിക്കാർ മച്ചാനിൽനിന്നു് ഇറങ്ങിവന്നു കോടാലികൊണ്ടു് അതിൻെറ കൊമ്പ് വെട്ടിപ്പൊളിച്ചെടുക്കുന്നു. ശവശരീരം അവിടെത്തന്നെ ഉപേക്ഷിച്ച്, ഇരുട്ടിൽ അവർ രക്ഷപ്പെടുന്നു. കണ്ടാമൃഗക്കൊമ്പ് കിലോഗ്രാമിനു് മുപ്പതിനായിരം രൂപ വിലവെച്ച് വാങ്ങാൻ കല്ക്കത്തയിൽനിന്നു വന്ന ഇടത്തട്ടുകാർ അവരുടെ താവളങ്ങളിൽ കാത്തിരിക്കുന്നുണ്ടാവും. ഇടത്തട്ടുകാർ ഈ കൊമ്പുകറം രഹസ്യമായി കല്ക്കത്തയ്ക്കു കൊണ്ടുവരുന്നു. സിംഗപ്പൂരിലേക്കും മലേഷ്യയിലേക്കും തായ്‌ലാൻഡിലേക്കും മററും ഈ കൊമ്പുകറം കളവായി കയററി അയയ്ക്കുന്നതു് കൽക്കത്തയിൽ നിന്നാണ്.

വംശനാശമടുത്ത ജീവികളെ കൊന്നോ ജീവനോടെയോ കച്ചവടം ചെയ്യുന്നതു നിയന്ത്രിക്കുന്ന ഒരു സാർവലൗകികസന്ധി—കൺവെൻഷൻ ഓൺ ഇൻറർനാഷണൽ ട്രെയ്ഡ് ഇൻ എൻഡെയ്ഞ്ജേർഡ് സ്പീഷീസ് ഇപ്പോറം നിലവിലുണ്ടു്. പക്ഷേ, ഇന്ത്യയടക്കം എൺപത്തൊമ്പതു

രാഷ്ട്രങ്ങൾ ഒപ്പിട്ടിട്ടുള്ള ഈ സന്ധിയിൽ സിംഗപ്പൂർ സ്റ്റേറ്റ് ഒപ്പുവെച്ചിട്ടില്ല. ലോകവന്യജീവിനിധി(വേൾഡ് വൈൽഡ്ലൈഫ് ഫണ്ട്)യുടെ പ്രസിഡണ്ടായ ഇംഗ്ലണ്ടിലെ ഫിലിപ്പ് രാജകുമാരൻ കഴിഞ്ഞ ആണ്ടിൽ നേരിട്ടിടപെട്ട നിർബന്ധിച്ചിട്ടും സിംഗപ്പൂർ ഭരണകൂടം ഈ സന്ധിയിൽനിന്നു് ഒഴിഞ്ഞുമാറി നില്ക്കുകയാണു്. അതിനാൽ, സിംഗപ്പൂരിലെ തുറന്ന മാർക്കററിൽ ആർക്കും കണ്ടാമൃഗക്കൊമ്പു വില്ക്കുകയും വാങ്ങുകയും ചെയ്യാം. ഇന്ത്യക്കു പുറമെ, സുമാത്രയിലെയും കണ്ടാമൃഗങ്ങളുടെ കൊമ്പുകൾ ചെന്നെത്തുന്നതു് സിംഗപ്പൂർ മാർക്കററിലാകുന്നു.

അസം സംസ്ഥാനത്തിൻെറ ഔദ്യോഗികചിഹ്നമാണു് കണ്ടാമൃഗം. പക്ഷേ, ഇന്നത്തെ നിലയിൽ കാസീരംഗ വന്യമൃഗസങ്കേതത്തിലെ കള്ളവേട്ട തുടർന്നാൽ ഏതാനും വർഷങ്ങൾക്കകം കണ്ടാമൃഗം അസമിൽ ഇല്ലാതാവും; അസംസർക്കാരിനു് വേറെ വല്ല ഔദ്യോഗികചിഹ്നവും തേടേണ്ടിവരും. അസം ഗണതന്ത്ര പരിഷത്തിൻെറ നേതൃത്വത്തിൽ കേന്ദ്രവിരുദ്ധസമരം നടന്നുകൊണ്ടിരുന്നകാലത്തു് കാസീരംഗ വന്യമൃഗ സംരക്ഷണകേന്ദ്രത്തിൽ കള്ളവേട്ട തകൃതിയായി നടക്കുകയായിരുന്നു. ചോദിക്കാൻ ആളില്ലെങ്കിൽ, ആർക്കു്, എന്തുതന്നെ, ചെയ്തുകൂടാ?

നോക്കിയിരിക്കേ, കണ്ടാമൃഗങ്ങളുടെ എണ്ണം ആപല്ക്കരമാംവിധം ചുരുങ്ങിവരുന്നതിൽ ലോകവന്യജീവിനിധിക്കു വലിയ ആശങ്കയുണ്ടു്. കണ്ടാമൃഗക്കൊമ്പിൻെറ കള്ളക്കച്ചവടം തടയാൻ ഒരു പദ്ധതി ഇവർ ആവിഷ്കരിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ ഡയറക്ടർ ആയ ഡോക്ടർ എഡ്മണ്ട് ബ്രാഡ്ലി മാർട്ടിൻ എന്ന ഇംഗ്ലീഷുകാരൻ ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ ഇന്ത്യ സന്ദർശിച്ചു്, കണ്ടാമൃഗങ്ങളെ വംശനാശത്തിൽനിന്നു സംരക്ഷിക്കാൻ ഇന്ത്യാഗവണ്മെൻറിൻെറ സഹായം അഭ്യർത്ഥിക്കുകയുണ്ടായി. മാർച്ച് 29-ാം തീയതി ദില്ലിയിൽവെച്ചു നടത്തിയ ഒരു പത്രസമ്മേളനത്തിൽ മി. മാർട്ടിൻ അടിയന്തരപ്രാധാന്യമുള്ള ഈ പ്രശ്നത്തിലേക്കു് ബഹുജനശ്രദ്ധ ആകർഷിച്ചു. ഇന്ത്യയിലെ സർക്കാരും സ്വയംസേവക സംഘടനകളും ഉദ്ബുദ്ധരായ ബഹുജനങ്ങളും സഹകരിച്ചാൽ മാത്രമേ കണ്ടാമൃഗക്കൊമ്പിൻെറ കള്ളക്കച്ചവടവും കണ്ടാമൃഗത്തിൻെറ കള്ളവേട്ടയും തടുക്കാനാവൂ എന്നു് മി. മാർട്ടിൻ പറഞ്ഞു. പനിക്കു് ഒരു ഔഷധമായാണു് കണ്ടാമൃഗക്കൊമ്പു് മുഖ്യമായും ഉപയോഗിക്കുന്നതു്. ഇതിനുപകരം മററു വസ്തുക്കൾ—ഉദാഹരണത്തിനു് 'സൈഗ' എന്ന ഒരുതരം മാനിൻെറ കൊമ്പു് ഉപയോഗിക്കാവുന്നതേ ഉള്ളൂ.

കണ്ടാമൃഗത്തെ സർവനാശത്തിൽനിന്നു രക്ഷിക്കുന്നതിൽ മി. മാർട്ടിനുള്ള താല്പര്യം ഇന്ത്യയിൽ ആർക്കെങ്കിലും ഉള്ളതായി ഇതുവരെ അറിവായിട്ടില്ല. നമ്മുടെ ബഹുജനമാദ്ധ്യമങ്ങൾ, പൊതുവെ, മി. മാർട്ടിൻെറ സന്ദർശനത്തെ അവഗണിക്കുകയാണുചെയ്തതു്.

'കണ്ടാമൃഗങ്ങൾ ഇല്ലാതായാൽത്തന്നെ എന്തു്? കണ്ടാമൃഗത്തെക്കാൾ തൊലിക്കട്ടി കൂടിയ രാഷ്ട്രീയനേതാക്കൾ നമുക്കുണ്ടല്ലോ' എന്നാണോ നിങ്ങളുടെ സമാധാനം? എങ്കിൽ, ഇനി തിരുവനന്തപുരത്തു പോകുമ്പോൾ മൃഗശാല സന്ദർശിക്കാൻ നിങ്ങൾ സമയം കളയേണ്ടതില്ല. എന്നാൽ, കുട്ടികളെ നിങ്ങൾ മൃഗശാലയിലയയ്ക്കണം. തൊലിക്കട്ടിയിൽ കവിഞ്ഞ ചിലതും കണ്ടാമൃഗത്തിലുണ്ടെന്നു്, ജീവൻെറ ഒരു വിശിഷ്ട—അവതാരം എന്ന നിലയിൽ മനുഷ്യരുടെ ആദരവും സ്നേഹവും ആ മൃഗം അർഹിക്കുന്നുണ്ടെന്നു് നിങ്ങളുടെ കുട്ടികൾക്കു തോന്നിക്കൂടായ്കയില്ലല്ലോ. അതിനാൽ, ആ ജീവിവർഗത്തിൻെറ ജീവനുള്ള ഒരു പ്രതിനിധിയെ നേരിട്ടു കാണാനുള്ള അസുലഭ അവസരം നിങ്ങളുടെ കുട്ടികൾക്കു നിഷേധിക്കാതിരിക്കുക.

(1 ജൂൺ, 1986)